# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 14/05/ 2020

## ക്വാറന്റൈൻ ലംഘനം – കർശന നിരീക്ഷണവും കടുത്ത നിയന്ത്രണങ്ങളുമായി പോലീസ്

കൊല്ലം : വിദേശരാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തുന്നവരെ പോലീസ് സഹായത്തോടെ ഹോം,ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിൻ കേന്ദ്രങ്ങളിൽ എത്തിക്കുകയും തുടർന്ന് ഇവർ ക്വാറന്റൈൻ മാനദണ്ഡങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ശക്തമായ നിരീക്ഷണ സംവിധാനങ്ങളും പോലീസ് ഏർപ്പെടുത്തിയിരിക്കുന്നു. ലോക്-ഡൗൺ നിയന്ത്രണങ്ങൾ നിലവിലിരിക്കെ സർക്കാർ നിർദേശം ലംഘിച്ച് പൊതുസ്ഥലത്ത് മാസ്ക് ധരിക്കാതിരുന്നതിന് 66 പേർക്കെതിരേയും മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങളിൽ സഞ്ചരിച്ചതിനും പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തതിനുമായി 124 കേസുകളും സിറ്റി പോലീസ് രജിസ്റ്റർ ചെയ്തു.ആകെ 143 പേരെ അറസ്റ്റ് ചെയ്യുകയും 71 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.

ലോക്-ഡൗൺ നിബന്ധനകൾ നിലവിലിരിക്കെ ആയത് ലംഘിച്ച് കളക്ട്രേറ്റിന് മുൻവശം വിവിധ ആവശ്യങ്ങയളുന്നയിച്ച് പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചതിന് അഖിലേന്ത്യാ മഹിളാ ഐക്യ സംഘം പ്രവർത്തകരായ 4 പേർക്കെതിരേയും ബി.എം.എസ് പ്രവർത്തകരായ 5 പേർക്കെതിരേയും കേരളാ മത്സ്യത്തൊഴിലാളി കോൺഗ്രസ്സ്(എം) ലെ 5 പേർക്കെതിരേയും എ.ഐ.യു.ഡബ്ളിയു.സി പ്രവർത്തകരായ 5 പേർക്കെതിരേയും കേസുകൾ രജിസ്റ്റർ ചെയ്തു.ഇരവിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ തട്ടാമല,പഴയാറ്റിൻ കുഴി എന്നിവിടങ്ങളിൽ ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ച് വഴിയോരക്കച്ചവടം നടത്തിയതിന് പഴയാറ്റിൻകുഴി സ്വദേശി സനോഫർ,കയ്യാലക്കൽ സ്വദേശി അയൂബ് എന്നിവർക്കെതിരേയും ചാമക്കടയിൽ ശുചീകരണ സംവിധാനങ്ങൾ ഒരുക്കാതെയും മാസ്ക് ധരിക്കാതെയും പഴക്കട തുറന്ന് പ്രവർത്തിപ്പിച്ചതിന് പഴയാറ്റിൻകുഴി സ്വദേശി പൂക്കുഞ്ഞിനെതിരേയും താലൂക്ക് ജംഗ്ഷനിലെ ഫാൻസി സ്റ്റോർ ഉടമ ഉളിയക്കോവിൽ സ്വദേശി രാമകൃഷ്ണനെതിരേയും പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ ജനമൈത്രി പോലീസ് അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളും വീടുകളും സന്ദർശിക്കുകയും ബോധവൽക്കരണം നടത്തു

കയും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു. കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ നിർധനരായ 25 കുടുംബങ്ങൾക്ക് ദിവസവും നൽകി വരുന്ന ഭക്ഷണ പ്പൊതി ജനമൈത്രി പോലീസ് വിതരണം ചെയ്തു.പരവൂർ ജനമൈത്രി പോലീസ് ഹാരിസ് സൂപ്പർ മാർക്കറ്റിന്റെ സഹായത്തോടെ പരവൂരിലെ 19 ചുമട്ട് തൊഴിലാളികൾക്ക് പലവ്യഞ്ജന ക്കിറ്റുകൾ വിതരണം ചെയ്തു. കരുനാഗപ്പള്ളി പോലീസ് നിർധനരായ 100 പേർക്ക് പലവ്യഞ്ജനക്കിറ്റുകൾ വിതരണം ചെയ്തു.

ലോക്-ഡൗൺ ഇളവുകൾ നൽകി തുറന്ന് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്കു വിധേയമായി ശുചീകരണ സംവിധാനങ്ങൾ ഒരുക്കി പ്രവർത്തി ക്കേണ്ടതും സർക്കാർ ഏർപ്പെടുത്തിയ മാർഗ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാ ണെന്നും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ നിർദേശ പ്രകാരം ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും പ്രവേശിപ്പിച്ചിരിക്കുന്നവർ യാതൊരു കാരണവശാലും നിരീക്ഷണ കേന്ദ്രങ്ങ ളിൽ നിന്ന് പുറത്ത് പോകരുതെന്നും ആയത് ലംഘിച്ചാൽ അവർക്കെതിരെയും കർശന നടപ ടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.